

Bismillah ir Rahman ir Rahim

# FRIDAY SERMON

## HAZRAT AMIR'UL MOMENEEN MUHYI-UD-DIN MUNIR AHMAD AZIM (atba)

06th July 2007

(BAIT-UL-ZIKR-NORTH OF MAURITIUS)

(ബൈത്തുൽ ദിക്ർ-നോർത്ത് മൗറീഷ്യസ്)

ഹസ്രത് അമീറുൽ മുഅ്മിനീൻ മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) 2007 ജൂലൈ 6-ാം തീയതി വെള്ളിയാഴ്ച നടത്തിയ ജുംആ ഖുത്തുബാ സംക്ഷിപ്തം

ജമാഅത്ത് അംഗങ്ങൾക്ക് സലാം ചൊല്ലി, തശഹ്ഹ്ദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയ ശേഷം ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) വിശുദ്ധ ഖുർആനിലെ 7-ാം അധ്യായമായ **അൽ-അഅ്റാഫിലെ** 181 മുതൽ 183 വരെയുള്ള വചനങ്ങൾ ഓതി വിശദീകരണം നല്കുകയുണ്ടായി.

സത്യമനുസരിച്ച് (ജനങ്ങളെ) നയിക്കുകയും അതുകൊണ്ടുതന്നെ നീതി പുലർത്തുകയും ചെയ്യുന്ന ഒരു വിഭാഗ ആളുകൾ നാം സൃഷ്ടിച്ചവരിലുണ്ട്.

അല്ലാഹുവിന്റെ കല്പനകൾക്കും അവന്റെ പ്രവാചകന്മാർക്കും പൂർണ്ണമായി അനുസരണം പുലർത്തുന്ന ഭക്തദാസന്മാരോട് അല്ലാഹുവിന് അതിയായ സ്നേഹമുണ്ട് എന്നും അതെത്രത്തോളമാണെന്നും അല്ലാഹു ഈ വചനങ്ങളിലൂടെ പറഞ്ഞു തരുന്നു.

പ്രപഞ്ചസൃഷ്ടിപ്പ് മുതൽ അന്ത്യവിധിനാൾ വരെ ഭൂമിയിൽ മനുഷ്യന്റെ സാന്നിധ്യമുണ്ടാകും. അവൻ ദയയുള്ളവനായാലും ശരി, ക്രൂരനായാലും ശരി, മനുഷ്യന്റെ നിലനില്പ് അന്ത്യനാൾവരെയുണ്ടാവുക തന്നെ ചെയ്യും. ഞാൻ സൃഷ്ടിച്ചവർ എന്ന് അല്ലാഹു വിശദമാക്കുന്ന ആയത്തിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട്. അല്ലാഹുവിന്റെ സൃഷ്ടികളിൽ, ചിലർ സത്പ്രവൃത്തികളിൽ മുന്നേറുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് മറ്റുള്ളവരെ നയിക്കു

കയും ചെയ്യും. അല്ലാഹുവിൽ നിന്നുള്ള സത്യത്തെ തിരിച്ചറിയുന്ന അക്കൂട്ടർ ഏതുതരത്തിലുള്ള ബുദ്ധിമുട്ടും, പീഡനവും, പരീക്ഷണങ്ങളും സഹിയ്ക്കുവാൻ സദാ സന്നദ്ധരായിരിക്കും. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചരിക്കുന്നതിന് എന്തും സഹിക്കുവാൻ തയ്യാറുള്ള അവർ, അവരുടെ ഓരോ ഹൃദയതാളവും ദിക്റെ ഇലാഹി, ഖുർആൻ പാരായണം, നിത്യേനയുള്ള നമസ്ക്കാരം ഇവ കൊണ്ട് അവരുടെ ജീവിതം ഊർജ്ജസ്വലമായിരിക്കും. ഇത്തരം ആൾക്കാരെയാണ് അവൻ (അല്ലാഹു) തനിക്ക് പ്രിയപ്പെട്ടവരാക്കുന്നത്.

ഇക്കൂട്ടരുടെ പ്രത്യേകത എന്താണ്? അല്ലാഹുവിൽ നിന്നുള്ള കാരുണ്യ കടാക്ഷങ്ങൾ തങ്ങൾക്ക് ലഭിക്കുമ്പോഴൊക്കെ അവർ അത് തങ്ങളുടെ പ്രിയപ്പെട്ടവരുമായി ബന്ധുമിത്രാദികൾ, ചിലപ്പോൾ ഒരു പരിചയവുമില്ലാത്തവരുമായി പോലും-പങ്കുവെക്കുന്നു. ഒരേ സമയം അവർ മറ്റുള്ളവർക്ക് മാർഗ്ഗദർശനം നല്കുകയും, അല്ലാഹുവിന്റെ സന്ദേശങ്ങളെ മറ്റുള്ളവരിലേക്ക് എത്തിക്കുകയും ചെയ്യും. അവർ അല്ലാഹുവിന്റെ ഏകത്വത്തിനെപ്പറ്റി മററുള്ളവർക്ക് അറിവു പകർന്നു നല്കുകയും, അവരെ സത്യത്തിലേക്ക് വഴി നടത്തുകയും ചെയ്യും.

അല്ലാഹു അൽഹഖ് ആകുന്നു. (പരമസത്യം) അൽഹഖി നെ സത്യത്തിലേക്കുള്ള വഴി എന്നു പറയാം. വെളിപാടുകൾ മുഖാന്തിരം എല്ലാ മനുഷ്യരും ജനിച്ചു വീഴുന്നത് തീർത്തും പരിശുദ്ധരായും അല്ലാഹുവിന്റെ സവിശേഷഗുണങ്ങളുടെ അംശത്തോടു കൂടിയവരായും ആയിട്ടാണ്. നിർഭാഗ്യമെന്നു പറയട്ടെ അവർ വളർന്നു വരുന്ന പശ്ചാത്തലം അവരിലെ ഈ നന്മകളെ അകറ്റി തിന്മകളാക്കി മാറ്റുന്നു. പക്ഷേ, അവരെ നിയന്ത്രണവിധേയരും, അല്ലാഹുവിനോട് അനുസരണം പുലർത്തുന്നവരുമാക്കിയാൽ അവർ വളർന്നുവരുന്ന പശ്ചാത്തലം അവരിലെ ഈ തിന്മകളെ അകറ്റി നന്മകളാക്കി മാറ്റുന്നു. പക്ഷേ, അവരെ നിയന്ത്രണ വിധേയരും അല്ലാഹുവിനോട് അനുസരണം പുലർത്തുന്നവരുമാക്കിയാൽ അവർ അല്ലാഹുവിന്റെ പ്രിയപ്പെട്ടവർ ആയി മാറുന്നു.

സത്യം അസത്യത്തിനു മേൽ വിജയം പ്രാപിക്കുമ്പോൾ തൗഹീദ് (ദൈവത്തിന്റെ ഏകത്വം) നിലവിൽ വരുന്നു. അല്ലാഹു തന്റെ സൃഷ്ടികളെ നല്ല നിലയിൽ ചരിക്കുന്ന എല്ലാവരെയും അവൻ കൂടുതലിഷ്ടപ്പെടുന്നു. ഇത്തരം ആളുകളിൽ അൽഹഖ്, അൽഅദ്ൽ (സത്യം, നീതി) എന്നിവ മുന്നിട്ടു നില്ക്കുന്നതായി കാണാം. ഇതിന്റെ അർത്ഥം അവർ ആരോടും (തങ്ങളുടെ രക്ത ബന്ധുക്കളോ, ഭാര്യാമക്കളോ ആകട്ടെ) യാതൊരുവിധ പക്ഷാഭേദവും കാണിയ്ക്കാത്തവരും ആർക്കുമൊരു മുൻഗണനയും നല്കാത്തവരും ആയിരിക്കും എന്നാണ്. അല്ലാഹുവിന്റെ കല്പനകൾക്ക് വിധേയമായി നീതിപൂർവ്വവും, തുല്യതയോടും കൂടി മാത്രമേ ഏതുകാര്യവും നിർവ്വഹിക്കുകയുള്ളു.

മനുഷ്യജീവിതത്തിൽ അത്യാന്താപേക്ഷിതമായ രണ്ട് ഗുണങ്ങളാണ് സത്യവും, നീതിയും. അവരെ സംബന്ധിച്ചിടത്തോളം അല്ലാഹുവും അല്ലാഹുവിന്റെ പ്രവാചകനും കഴിഞ്ഞു മാത്രമേയുള്ളു അവർക്ക് ബാക്കിയെന്തും. ഇത് സത്യത്തിലും, അല്ലാഹുവിന്റെ ഏകത്വത്തിലേക്കും അവരെ നയിക്കുന്നു. സത്യവും നീതിയും ഒരാൾ സ്വായത്തമാക്കുമ്പോൾ, അവന് എല്ലാവരുമായും നീതിയോടെയും, തുല്യതയോടെയും ഇടപെടുന്നു. കണക്കെടുപ്പുനാളിൽ തന്റെ എല്ലാ സൃഷ്ടികളുടേയും കണക്കെടുപ്പ് അവൻ (അല്ലാഹു) തന്നെയാണ് ചെയ്യുകയെന്നും, ഓരോരുത്തരും ചെയ്ത അണുവോളം നന്മയ്ക്ക് അതിന്റെ ഫലവും, അണുവോളം തിന്മയ്ക്ക് അതിന്റെ ശിക്ഷയും ലഭിക്കുന്നതാണ് എന്നും അല്ലാഹു വ്യക്തമാക്കുന്നു. അന്നേ ദിവസം അനീതിയ്ക്ക് യാതൊരുവിധ സ്ഥാനവും ഉണ്ടായിരിക്കുന്നതല്ല. നന്മയും തിന്മയും അളന്നു തൂക്കപ്പെടുകയും, അതിന്റെ പ്രതിഫലം നല്കപ്പെടുകയും ചെയ്യും. ആരോടെങ്കിലും, കാരുണ്യത്തോടെയോ, അനുഭാവപൂർവ്വമോ പെരുമാറുവാൻ അല്ലാഹു ഉദ്ദേശിക്കുന്നു എങ്കിൽ അവന്റെ ഇച്ഛയെ തടയുന്നതിന് ആർക്കും സാധ്യമല്ല. കാരണം അവൻ പരമാധികാരിയും, സർവ്വതിന്റേയും ഉടമസ്ഥനുമാകുന്നു.

182: നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവർ അറിയാത്ത

വിധത്തിൽ നാം അവരെ (നാശത്തിന്റെ) ഭാഗത്തേക്ക് ക്രമേണ യായി വലിച്ചു കൊണ്ടുപോകും.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളും, കാരുണ്യവും, ഔദാര്യവും ഉൾക്കൊള്ളുന്ന അവന്റെ ദൃഷ്ടാന്തങ്ങൾക്കും, വെളിപാടു കൾക്കും സാക്ഷ്യം വഹിച്ചുകഴിഞ്ഞപ്പോൾ നാം, മസീഹ് മൗഊദ് (അ)ന്റെ അഹ്മദിയ്യാ ജമാഅത്തിൽ നാം അണിചേർന്നു. ഓരോ ഈദുൽ അസ്ഹ ദിനവും നമ്മെ ഖുത്തുബ ഇൽഹാമിയയെ ഓർമ്മിപ്പിച്ചു. അന്ന് ഹസ്രത്ത് മസീഹ് മൗഊദ് മിർസാ ഗുലാം അഹ്മദ് (അ) ഉർദുവിൽ പ്രഭാഷണം തുടങ്ങി. അല്പസമയം കഴി ഞ്ഞപ്പോഴേക്കും കൂടിയിരുന്നവരെയെല്ലാം അത്ഭുതപ്പെടുത്തി ക്കൊണ്ട്, പ്രസംഗം അറബി ഭാഷയിലേക്ക് മാറി. വെളിപാട് അറ ബിഭാഷയിൽ പ്രസംഗരൂപേണ ലഭിച്ചു. അദ്ദേഹത്തിന്റെ രണ്ടു ശിഷ്യന്മാർ ഈ പ്രസംഗം അപ്പോൾത്തന്നെ എഴുതിയെടുക്കുക യുണ്ടായി. ജമാഅത്ത് -എ-അഹ്മദിയ്യായുടെ ചരിത്രത്തിൽ തങ്ക ലിപികളിൽ എഴുതിച്ചേർക്കപ്പെട്ട അധ്യായമായി ഇത്. അല്ലാഹു തന്റെ അനുഗ്രഹങ്ങളും, ഔദാര്യവും വാരിച്ചൊരിഞ്ഞ ആ നിമി ഷങ്ങൾക്ക് സാക്ഷിയായി അവിടെയിരുന്നവരുടെ സ്ഥിതി എന്താ യിരിക്കും? അവരായിരുന്നു ഈ ലോകത്തെ ഏറ്റവും ഭാഗ്യവാ ന്മാരായവർ. ഖാദിയാനിലെ ഏറ്റവും ദരിദ്രരായ, തൊഴിൽരഹിത രായ കീറിപ്പോയ വസ്ത്രങ്ങൾ തുന്നിത്തുന്നി പിഞ്ചിപ്പോയ എന്നാൽ അങ്ങേയറ്റം വൃത്തിപാലിക്കുന്ന അവരാണ് ദർവേശു കൾ. അല്ലാഹു അവരുടെ ദാരിദ്ര്യത്തെ അല്ല കണക്കിലെടുത്ത ത്, മറിച്ച് അവരുടെ ഹൃദയശുദ്ധിയെയും, ആത്മാർത്ഥതയെയു മാണ്.

ആ ഈദുൽ അദ്ഹ ദിനത്തിൽ ഹസ്രത്ത് മസീഹ് മൗഊദ് മിർസാഗുലാം അഹ്മദ് (അ)യിലൂടെ ലഭ്യമാക്കിയ ഖുത്തുബാ ഇൽഹാമിയയിലൂടെ അല്ലാഹു(ത) അവരെ ആദരിച്ചു. ത്യാഗ ത്തിന്റെ പെരുന്നാൾ എന്ന ഈദുൽഅദ്ഹായുടെ യഥാർത്ഥ സത്ത വെളിവാക്കുന്ന ഒന്നായിരുന്നു ആ ഖുത്തുബ. ബലിയർപ്പി ക്കപ്പെട്ട മാംസം ഭക്ഷിയ്ക്കലോ, വിലയേറിയ പുതുവസ്ത്രങ്ങൾ

അണിയലോ മാത്രമല്ല ഈദുൽ അദ്ഹ. മറിച്ച്, ഒരു യഥാർത്ഥ വിശ്വാസി ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്വയം ത്യാഗസന്നദ്ധനായിരിക്കേണ്ടതാണ്. ഈ ഖുത്തുബ വിധിന്യായനാൾവരെ നിലനില്ക്കുന്നതാണ്.

അല്ലാഹുവിൽ നിന്നുള്ള ഈ അനുഗ്രഹം എല്ലാ ദിവസമോ, എല്ലാ വർഷമോ ഉണ്ടാകുന്ന ഒന്നല്ല. ഇത് നമ്മുടെ പഴത്തോട്ടങ്ങളിൽ നിന്ന് നാം ആഴ്ചയിലൊ, മാസത്തിലൊ, വർഷത്തിലൊ പഴങ്ങൾ വിളവെടുക്കുന്നതു പോലെയല്ല, നാം വിചാരിക്കാറില്ലേ, ഇത്തവണ അധികം വിളവ് കിട്ടിയില്ല. ഒരുപക്ഷേ, അടുത്ത തവണ നല്ല വിളവു കിട്ടുമായിരിക്കും. അതിനാലാണ് അല്ലാഹു പറയുന്നത്, നാം സൃഷ്ടിച്ചിട്ടുള്ളവയിലേക്ക് നോക്കുക അവയിൽ നിങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്. വെളിപാടുകൾ എന്നത് സാധാരണ പഴങ്ങൾ ആയ ലിച്ചി, മാങ്ങ, ലോങ്ങൻ, സ്ട്രോബെറി, കോക്കനട്ട് തുടങ്ങിയവ പോലെ അല്ല. അവ അല്ലാഹുവിൽ നിന്നും അവന്റെ തെരെഞ്ഞെടുക്കപ്പെട്ട പ്രവാചകന്മാരിലൂടെ ലഭിക്കുന്ന പ്രത്യേകതരം ഫലങ്ങളാണ്.

അല്ലാഹുവിന്റെ പ്രീതിയ്ക്കും, അനുഗ്രഹത്തിനും പാത്രമായിട്ടുള്ളവർ ആരോ അവരാണ് അവന്റെ കണ്ണിൽ ഏറ്റവും ആദരണീയരായവർ. പക്ഷേ, അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവഗണിയ്ക്കുകയാണെങ്കിൽ അവന്റെ പ്രീതി അവർക്ക് ലഭിക്കുന്നതല്ല. അവർ അവിശ്വസിക്കുകയോ അല്ലാഹുവിന്റെ കല്പനകളെക്കുറിച്ച് അശ്രദ്ധരോ അല്ല. അതായത് അല്ലാഹുവിന്റെ കല്പന പ്രകാരം അവനാൽ തെരെഞ്ഞെടുക്കപ്പെട്ട ഒരു ദൂതൻ നിയോഗിതനായിരിക്കുന്നു. എന്നവർ മനസ്സിലാക്കിയവരാണ്. അല്ലാഹുവിന്റെ നിയമങ്ങളും, ചട്ടങ്ങളുമനുസരിച്ച് അവർ അവന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അശ്രദ്ധ പുലർത്തുകയോ, അവയെ തിരസ്ക്കരിക്കുകയോ ചെയ്യുന്ന പക്ഷം അവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുന്നതല്ല. അങ്ങനെയായാൽ, അല്ലാഹുവും അവന്റെ മലക്കുകളും അവരെ അവരറിയാത്ത വിധത്തിൽ നാശത്തിന്റെ ഭാഗത്തേക്ക് ക്രമേണ വലിച്ചുകൊണ്ടു പോകും.

അവരുടെ നാശം എങ്ങനെയെന്നു വച്ചാൽ ആ ശിക്ഷ അവരെ പിടികൂടിക്കഴിയുന്നതുവരെ അവർ അത് അറിയില്ല. ഈ ശിക്ഷ വിശുദ്ധഖുർആനിൽ സൂചിപ്പിച്ചതുപോലെ വളരെ സാവകാശമാണ് വരിക. എന്തിനാണ് അല്ലാഹു അവർക്ക് കഠിനശിക്ഷ, കുറേശ്ശേ കുറേശ്ശേ നല്കുന്നത്? കാരണം ഇത്തരം ആൾക്കാരെ മറ്റുള്ളവർ കാൺകെ, (പൊതുജനമധ്യത്തിൽ) അവർക്ക് ഒരു പാഠം ആകുന്നതിനു അല്ലാഹുവിന്റെ ദൂതന്റെ സത്യതയെ ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനും വേണ്ടിയാണ് അല്ലാഹു ഇങ്ങനെ ശിക്ഷിക്കുന്നത്.

മാർഗ്ഗദർശനം ലഭിച്ചതു മൂലം നേർമാർഗ്ഗത്തിൽ ചരിക്കുകയും, അല്ലാഹുവിന്റെ കല്പനകൾ പാലിയ്ക്കുകയും, ഖുർആനിക അധ്യാപനങ്ങൾ പിന്തുടരുകയും ചെയ്തുകൊണ്ടിരുന്ന ഒരാൾ അതൊക്കെവിട്ട് അല്ലാഹുവിനെതിരെ തിരിയുകയാണെങ്കിൽ അല്ലാഹുവും അവനെതിരെ തിരിയുന്നതാണ്. തീർച്ചയായും അത്തരം കപടവിശ്വാസികളെ അവന് ആവശ്യമില്ല. അല്ലാഹു അവനെ തീർത്തും അവഗണിക്കുക തന്നെ ചെയ്യും.

ഈ വചനത്തിൽ പറഞ്ഞിരിക്കുന്ന നമ്മുടെ ദൃഷ്ടാന്തങ്ങൾ എന്നതുകൊണ്ട് വിവക്ഷിതമാകുന്നത് അല്ലാഹുവിനും അവന്റെ മലക്കുകൾക്കും അവരവരുടെ നിശ്ചിത ചുമതലകളും കർത്തവ്യങ്ങളുമാണ്. ഉദാ: വെളിപാടുകൾ (വഹ്‌യ്) നല്കുന്ന ചുമതലയുള്ള ഒരു മലക്ക്, അദ്ദേഹം അല്ലാഹുവിന്റെ ദൂതന് വെളിപാടുകൾ നല്കുക എന്ന കർത്തവ്യം നിർവ്വഹിക്കുന്നു. അതുപോലെ മഴ, കാറ്റ്, വെയിൽ, സൂര്യപ്രകാശം ഇവയെല്ലാം നിർവ്വഹിക്കുവാൻ പ്രത്യേകം പ്രത്യേകം മലക്കുകളെ അല്ലാഹു ചുമതലപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇതിന്റെയെല്ലാം പിന്നിൽ കടിഞ്ഞാണുമായി, സർവ്വതിന്റെയും, ഒരേയൊരു സ്രഷ്ടാവായ അല്ലാഹു മാത്രം.

അല്ലാഹുവിന് അങ്ങേയറ്റം കീഴ്പ്പെട്ടു ജീവിക്കുന്നവർ മലക്കുകൾ ആണെന്ന് നമുക്ക് പറയാം. കാരണം ഒരിയ്ക്കലും അവർ അല്ലാഹുവിന്റെ കല്പനകളെയും നിർദ്ദേശങ്ങളെയും ധിക്കരിക്കുന്നതേയല്ല. ഭൂമി കറങ്ങുന്നതിനനുസരിച്ച്, ചില രാജ്യങ്ങളിൽ പക

ലും, മറ്റു ചിലയിടത്ത് രാത്രിയും വരുന്നു. ചില സ്ഥലങ്ങളിൽ മഴക്കാലം, മറ്റു ചിലയിടത്ത് വേനൽക്കാലം അങ്ങനെ എല്ലാംതന്നെ, അല്ലാഹുവിന്റെ അധികാരത്തിലും നിയന്ത്രണത്തിലുമായിരിക്കുന്നു.

തന്റെ വിനയം പ്രകടമാക്കുന്നതിനാണ് അല്ലാഹു ഈ വചനത്തിൽ നമ്മുടെ എന്നുപയോഗിച്ചിരിക്കുന്നത്. അവൻ അഹം എന്ന ഭാവത്തെ പ്രത്യക്ഷിഭവിപ്പിക്കുന്നില്ല ഇവിടെ.

ആമൻതു ബില്ലാഹി വ മലാല്കാത്തിഹി വ കുത്തുബിഹി, വ റുസുലുഹീ എന്നു നാം പറയുമ്പോൾ അല്ലാഹുവിന്റെ ഏകത്വത്തെ നാം നിഷേധിക്കുന്നില്ല.

(നിങ്ങൾ അല്ലാഹുവിലും, അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും, അവന്റെ പ്രവാചകന്മാരിലും വിശ്വസിക്കുക)

നിശിതമായി ചിന്തിച്ചു നോക്കുകയാണെങ്കിൽ ഈ ലോകത്തുള്ള ഒന്നും നമ്മുടെ സ്വന്തമല്ല എന്നു നമുക്ക് മനസ്സിലാക്കാവുന്നതാണ്. എന്തിനേറെ നമ്മുടെ ശരീരത്തിനുള്ളിലെ ഈ ജീവൻ പോലും അവൻ ഇച്ഛിക്കുമ്പോൾ ആ ജീവൻ അവനങ്ങു മാറ്റുന്നു. അതുവരെ ചെയ്തതിന്റെ കണക്കു ബോധ്യപ്പെടുത്താൻ പിന്നാലെ നാമും അവന്റെ സന്നിധിയിലേക്ക് !ഒന്നാലോചിച്ചു നോക്കൂ, അല്ലാഹുവിന്റെ പ്രവാചകനെ നിരസിക്കുന്ന വേളയിലാണ് അവൻ നമ്മുടെ ജീവനെ പിടിക്കുന്നതെങ്കിലോ? അല്ലാഹുവിന്റെ മുന്നിൽ നമ്മുടെ ആത്മാവിന്റെ അവസ്ഥ എന്തായിരിക്കും? അതുകൊണ്ടാണ് അല്ലാഹു സമയാസമയങ്ങളിൽ ചൊല്ലുന്നതിനായി നമുക്ക് ദുആകൾ പഠിപ്പിച്ചു തന്നിരിക്കുന്നത്.

റബ്ബനാ ലാ തുസിഅ് കുലൂബനാ ബഉദ ഇദ് ഹദയ്ത്തനാ വ ഹബ്ലന മില്ല ദുൻക റഹ്മ ഇന്നക്ക അൻതൽ വഹ്ഹാബ് 183.

ഞാൻ അവർക്ക് സാവകാശം നല്കുന്നതാണ്. തീർച്ചയായും എന്റെ ആസൂത്രണം സുശക്തമാകുന്നു. ഇവിടെ അല്ലാഹു ഞാൻ അവർക്ക് സാവകാശം നല്കും എന്ന് പറഞ്ഞിരിക്കുന്നു. ഞങ്ങൾ എന്നു പറയാതെ ഞാൻ എന്നു പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണ്? അല്ലാഹുവിന് പെട്ടെന്ന് കോപം വന്നോ? ഇല്ല,

ഇവിടെ അല്ലാഹു അവന്റെ ഏകത്വത്തെ എടുത്തു കാണിയ്ക്കു കയാണ്. അല്ലാഹുവിന്റെ കല്പനകളെ തിരസ്കരിച്ചവർക്ക്, അവർക്ക് തങ്ങളുടെ തെറ്റ് ബോധ്യപ്പെട്ട് തിരുത്താനും, തിരസ്ക്ക രിക്കുവാൻ പോകുന്നവർക്ക് അതു ചെയ്യുന്നതിന് മുമ്പായി തങ്ങ ളുടെ പ്രവൃത്തിയെപറ്റി ആലോചിക്കുന്നതിനും ഉള്ള സാവകാശം നല്കുന്നതിന് കഴിവുള്ള ഒരേ ഒരു ശക്തി അല്ലാഹു മാത്രമാകു ന്നു. തങ്ങളിലേക്ക് ദൈവീകശിക്ഷ ഇറങ്ങുന്നതിന് മുമ്പായി പശ്ചാ ത്തപിച്ച് മടങ്ങുവാനുള്ള അവസരം ധാരാളമായി നല്കുന്നതും അല്ലാഹുവാണ്. ജനങ്ങൾക്ക് മുന്നറിയിപ്പു നല്കുന്നതിനും അവർക്ക് മാർഗ്ഗദർശനം നല്കി നേരായ വഴിയിൽ നയിക്കുന്നതി നുമായി അല്ലാഹു തന്റെ ദൂതന്മാരെ നിയോഗിക്കാത്തിടത്തോളം കാലം ഒരു സമുദായത്തെയും അവൻ ശിക്ഷാ നടപടിയ്ക്ക് വിധേ യരാക്കുകയില്ല. അല്ലാഹുവിന് ഒരു ധൃതിയുമില്ല. എന്നാൽ അല്ലാഹു നിയോഗിച്ച ദൂതനെ നിരസിക്കുകയോ പരസ്യമായോ രഹസ്യമായോ പരിഹസിക്കുകയോ, കളിയാക്കുകയോ, അപമാ നിക്കുകയോ ചെയ്യുകയാണെങ്കിൽ അല്ലാഹു പറയുന്നു എന്റെ വിധിയെ (ശിക്ഷ) തടുക്കാൻ ആർക്കും സാധ്യമല്ല. അവന്റെ ശിക്ഷ അങ്ങേയറ്റം ഗൗരവമേറിയതും, കഠിനവുമത്രേ. അല്ലാഹുവിന്റെ ഇച്ഛയെ തടുക്കാൻ ആർക്കും-അവന്റെ മലക്കുകൾക്കോ, അവന്റെ പ്രവാചകന്മാർക്കോ പോലും-സാധ്യമല്ല. നിശ്ചയമായും, അല്ലാഹു നമ്മുടെ തെറ്റുകളും പാപങ്ങളും അങ്ങേയറ്റം പൊറുത്തു തരുന്ന വൻ ആകുന്നു. ഇൻശാ അല്ലാഹ് ! ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*